**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2155** **12-12-2022 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾക്ക് റീബിൽഡ് കേരളയിൽ നിന്നും ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നികത്തപ്പെട്ടുപോയ നായാടൻപുഴ പുനരുജ്ജീവിപ്പിക്കുന്നതിന് ബോക്സ് കൾവർട്ട് സ്ഥാപിക്കുന്നതിനായി റീബിൽഡ് കേരളയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയുടെ തുടർനടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | റീബിൽഡ് കേരളയിൽ അപേക്ഷ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് ജലസേചന വകുപ്പ് പ്രോജക്ട് വിഭാഗം കോഴിക്കോട് ചീഫ് എൻജിനീയർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് ആ വകുപ്പിന്റെ പരിഗണനയിലാണ്.. |
| (ബി) | റീബിൽഡ് കേരളയിൽ ഏതൊക്കെ പ്രവൃത്തികൾക്ക് പേരാമ്പ്ര മണ്ഡലത്തിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | പേരാമ്പ്ര മണ്ഡലത്തിൽ ഏറ്റെടുക്കുന്നതിലേക്ക് അപേക്ഷയൊന്നും റീബിൽഡ് കേരളയിൽ നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ